## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2331 12.03.2020-ൽ മറുപടിക്ക്

### ട്രാൻസ്ജെൻഡർ വിദ്യാർത്ഥിയുടെ പഠനം മുടങ്ങിയ സംഭവം

| ചോദ്യം | | മറുപടി | |
|---|---|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ട്രാൻസ്ജെൻഡർ വിദ്യാർത്ഥി പഠനം നിർത്തി ഊരിലേക്ക് മടങ്ങിയതായ വിവരം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | എ) | പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ട്രാൻസ്ജെൻഡർ വിദ്യാർത്ഥി പഠനം നിർത്തി ഊരിലേക്ക് മടങ്ങിയ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | 2018-19 ൽ ബഹു. ഗവർണറുടെ ഉത്തരവിലൂടെ കാസർഗോഡ് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പഠനം തുടങ്ങിയ വിദ്യാർത്ഥി വിവിധ മേഖലകളിൽ നിന്നുള്ള മാനസികപീഡനം മൂലം പഠനം നിർത്തിയതായുള്ള കാര്യം പട്ടിക വർഗ്ഗ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; | ബി) | സ.ഉ(ആർ.ടി)നം.393/2019/GEDN തീയതി, 29.01.2019 പ്രകാരമാണ് 2018-19 അദ്ധ്യയന വർഷം നിവേദ്യ ആനന്ദ് എന്ന വിദ്യാർത്ഥിയ്ക്ക് കാസർഗോഡ് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പ്രവേശനം അനുവദിച്ചിട്ടുള്ളത്. കാസർഗോഡ് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പഠനം നടത്തിയിരുന്ന നിവേദ്യ ആനന്ദിനോട് യാതൊരു വിവേചനവും കാണിച്ചിട്ടില്ല. ടി വിദ്യാർത്ഥിയ്ക്ക് പ്രത്യേകം മുറി അനുവദിച്ചിരുന്നു. മറ്റ് വിദ്യാർത്ഥികൾക്ക് നൽകുന്ന എല്ലാ സൗകര്യങ്ങളും, സ്നേഹവും, കരുതലും, പരിഗണനയും നിവേദ്യയ്ക്ക് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ നിന്നും ലഭിച്ചിരുന്നു. ടി വിദ്യാർത്ഥിയോട് യാതൊരു വേർതിരിവും ടി സ്ഥാപനത്തിലെ അദ്ധ്യാപകരോ ജീവനക്കാരോ കാണിച്ചിട്ടില്ല. |
| സി) | ഈ വിഷയം സംബന്ധിച്ച് പട്ടികവർഗ്ഗ വകുപ്പ് ഡയറക്ടർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ? | സി) | സ.ഉ(ആർ.ടി)നം.393/2019 പ്രകാരം കാസർഗോഡ് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പ്ലസ് വൺ പഠനം നടത്തുന്നതിന് കുമാരി. നിവേദ്യ ആനന്ദിന് അനുമതി ലഭിച്ചതിനെ തുടർന്ന് മോഡൽ റസിഡൻഷ്യൽ സ്കൂൾ കാസർഗോഡിൽ ടി വിദ്യാർത്ഥിയ്ക്ക് പ്രവേശനം നൽകിയിരുന്നു. പ്രസ്തുത വിദ്യാർത്ഥിക്ക് പൊതു പരീക്ഷ എഴുതുന്നതിന് ആവശ്യമായ സൗകര്യങ്ങൾ കാസറഗോഡ് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ഉറപ്പുവരുത്തിയിട്ടുണ്ട്. പരീക്ഷ എഴുതുന്നതിന് ടി വിദ്യാർത്ഥിക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ